LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതിയിലേയ്ക്ക് മാറ്റുന്നത്തിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ PM-KUSUM സംസ്ഥാനത്ത് കാർബൺരഹിത കൃഷിയിടങ്ങൾ എന്ന ലക്ഷ്യത്തോടെ അനെർട്ട് മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇലക്ട്രിക് മൊബിലിറ്റി വ്യാപകമാക്കുന്നതിന്റെ ആദ്യഘട്ടം എന്ന നിലയിൽ നിലവിൽ സർക്കാർ വകുപ്പുകളിലും സ്ഥാപനങ്ങളിലും കരാർ വ്യവസ്ഥയിൽ ഉപയോഗിക്കുന്ന ഡീസൽ, പെട്രോൾ വാഹനങ്ങൾ മാറ്റി അനെർട്ട് വഴി ഇലക്ട്രിക് കാറുകൾ നൽകുന്ന പദ്ധതി ആരംഭിച്ചു. 2020 - 21 വർഷം തുടങ്ങിയ പദ്ധതി പ്രകാരം ഇതുവരെ വിവിധ മോഡലുകളിലുള്ള 123 ഇലക്ട്രിക് കാറുകൾ 18 സർക്കാർ വകുപ്പുകളിലായി അനെർട്ട് നൽകിയിട്ടുണ്ട്. പൊതുനിരത്തുകളിൽ വൈദ്യുത വാഹനങ്ങൾക്ക് റീചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ദേശീയ, സംസ്ഥാന പാതകൾ ഉൾപ്പെടെയുള്ള പ്രധാന റോഡുകൾക്ക് സമീപം ചാർജ്ജിംഗ് സ്റ്റേഷനുകൾ അനെർട്ട് മുഖേനയും സ്ഥാപിച്ചുവരുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിലായി ആകെ 6 ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചുകഴിഞ്ഞു. ഇടുക്കി, തൃശ്ശൂർ, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ 5 ജില്ലകളിൽ ഓരോ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പ്രവൃത്തി അവസാന ഘട്ടത്തിലാണ്. എനർജി എഫിഷ്യൻസി സർവ്വീസ് ലിമിറ്റഡ് (E.E.S.L) എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനവുമായിച്ചേർന്ന് സംസ്ഥാനത്ത് കൂടുതൽ പബ്ലിക് ഇ.വി. ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അനെർട്ട് നടത്തിവരുന്നു. സ്വകാര്യ സംരംഭകരെക്കൂടി ഇ.വി. ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിൽ പങ്കാളികളാക്കാനുള്ള നടപടി അനെർട്ട് സ്വീകരിച്ചിട്ടുണ്ട്. ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉത്പാദനത്തിന് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്റ്റേഷനുകളിൽ ഇതിനായി അനെർട്ട് മുഖേന ധനസഹായം നൽകുന്നതിനുള്ള പദ്ധതി ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്നതാണ്. ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രചരണ, ബോധവത്കരണ പ്രവർത്തനങ്ങൾ വിവിധ മാധ്യമങ്ങളിലൂടെ അനെർട്ട് നടത്തിവരുന്നു.

കെ.എസ്.ഇ.ബി. ലിമിറ്റഡ് 'അനർട്ട്' വഴി നടപ്പാക്കുന്ന പദ്ധതികൾ

187(5346) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡ് 'അനർട്ട്' വഴി നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്ര നവനവീന ഊർജ്ജ മന്ത്രാലയം (എം.എൻ.ആർ.ഇ.) ഗാർഹിക ഉപഭോക്താക്കൾക്ക് കേന്ദ്ര സബ്സിഡിയോടുകൂടി കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന പുരപ്പുറ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ Phase II സബ്സിഡി സ്കീമിൽ നിന്നും ലഭ്യമായ ആദ്യഘട്ട 50 MW-ൽ 12.5 MW പദ്ധതിയിൽ അനെർട്ടിനെക്കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിച്ചുവരുന്നു.

(ബി) വീടുകളിൽ സമ്പൂർണ്ണ സോളാർ വൈദ്യുതി ഉപയോഗിക്കുന്നതിന് നിലവിലുള്ള പദ്ധതികൾ ഏതൊക്കെയെന്നും, കായംകുളം മണ്ഡലത്തിൽ ഈ പദ്ധതി എത്ര ഗാർഹിക ഉപഭോക്താക്കൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട് എന്നും വിശദമാക്കാമോ?

പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ നിലവിൽ 500 MW പുരപ്പുറ സൗര നിലയങ്ങളിൽനിന്നും വൈദ്യുതി ശൃംഖലയിൽ കൂട്ടിച്ചേർക്കുന്ന പദ്ധതിയാണ് 'സൗര'. ഇതിൽ ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രമായുള്ള സബ്സിഡി പദ്ധതിയാണ് 'സൗര' രണ്ടാം ഘട്ടം. കായംകുളം നിയോജകമണ്ഡലത്തിൽ ഈ പദ്ധതി പതിനൊന്ന് ഗാർഹിക ഉപഭോക്താക്കൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതി

188(5347) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര മണ്ഡലത്തിലെ പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതിക്കുവേണ്ടി എന്തു തുകയാണ് നീക്കി വച്ചിട്ടുള്ളതെന്നറിയിക്കുമോ?

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര മണ്ഡലത്തിലെ പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതിക്കായി 92.61 കോടി രൂപയാണ് നീക്കി വച്ചിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിവരം വ്യക്തമാക്കാമോ; ഈ പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നറിയിക്കുമോ?

25-1-2021-ൽ പ്രസ്തുത പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ M/s കിർലോസ്കർ ബ്രദേഴ്സ് ലിമിറ്റഡിന് അവാർഡ് ചെയ്തിട്ടുണ്ട്. ഡിസൈൻ ജോലികൾ പുരോഗമിക്കുന്നു. 2023 മാർച്ച് മാസം പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.